DESPATCHED
On 3/3/23

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം**
**തിരുവനന്തപുരം** 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP-11*(2)/2023*/എസ്.ഐ.സി**
**തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 523/എസ്.ഐ.സി-ജി6/2023)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. ഹരികുമാർ ജി,<br>ഉണിച്ചിരേത്ത്,<br>കടവൂർ, കരിപ്പുഴ (പി.ഒ),<br>മാവേലിക്കര, ആലപ്പുഴ. | ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ദേവസ്വം കമ്മീഷണറുടെ കാര്യാലയം,<br>ട്രാവൻകൂർ ദേവസ്വം ബോർഡ്,<br>നന്ദൻകോട്, തിരുവനന്തപുരം. | എതിർകക്ഷി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പ് പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. ഹരികുമാർ ജി 12/01/2023-ന് കമ്മീഷനിൽ സമർപ്പിച്ച പരാതി ഹർജിയിന്മേൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

2) എന്നാൽ പരാതി ഹർജികളിൽ വിവരങ്ങളോ, മറുപടിയോ രേഖകളോ നൽകണമെന്ന നിയമപരമായി നിർദ്ദേശിക്കാൻ കഴിയുന്നതല്ല. മറുപടി ലഭ്യമാക്കുന്നതിൽ എസ്.പി.ഐ.ഒ-യുടെ ഭാഗത്തു നിന്നും വീഴ്ച്ച ഉണ്ടായിട്ടുണ്ടെങ്കിൽ, ടി എസ്.പി.ഐ.ഒ-ക്കെതിരെ നടപടി എടുക്കാൻ മാത്രമേ വിവരാവകാശ നിയമം അനുശാസിക്കുന്നുള്ളൂ.

3) ഹർജിക്കാരൻ വിവരങ്ങളും, രേഖകളും വേണമെന്ന ആവശ്യപ്പെടുന്ന പശ്ചാത്തലത്തിൽ, ടിയാൻ എസ്.പി.ഐ.ഒ-യുടെ ഓഫീസിലെ ഒന്നാം അപ്പീൽ അധികാരിയെ സമീപിച്ച് അപ്പീൽ ഹർജി നൽകേണ്ടതാണ്. ആയതിന്റെ മറുപടി ലഭിച്ച ശേഷം, ആവശ്യമെങ്കിൽ, വീണ്ടും ടിയാന് കമ്മീഷനിൽ രണ്ടാം അപ്പീൽ ഹർജി സമർപ്പിച്ച് പരിഹാരം തേടാവുന്നതാണ്.

4) മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2023 ഫെബ്രുവരി 27-ാം തീയതി കമ്മീഷൻ ഉത്തരവ് ആകുന്നു.

(ഒപ്പ്)
ഡോ. കെ.എൽ. വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV